(സി) സഹകരണ ബാങ്കുകളിൽ നിന്നുള്ള ഭവനശ്രീ വായ്പകൾ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തരമായി പ്രമാണങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹൗസിംഗ് ബോർഡിന്റെ പാർപ്പിട സൗകര്യങ്ങൾ

**202 (3863)** ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് മാതൃകയായി നടപ്പാക്കിയ 'ഗൃഹശ്രീ' പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഹൗസിംഗ് ബോർഡിന്റെ കൂടുതൽ പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) 2013-ൽ പ്രഖ്യാപിച്ച ഗൃഹശ്രീ ഭവന പദ്ധതിക്കായി 2013-14 വർഷത്തെ ബജറ്റിൽ 1050 ലക്ഷം രൂപയും, 2014-15 വർഷത്തെ ബജറ്റിൽ 1419 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ 1234 വീടുകളുടെ നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്നതാണ്.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഹൗസിംഗ് ബോർഡ് മുഖേന വിവിധ ഭവന പദ്ധതികൾ പ്രകാരം നിലവിൽ പാർപ്പിട സൗകര്യങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ കൈവശമുള്ള പ്രധാന സ്ഥലങ്ങളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി പാരസ്പര്യം മാതൃകയിൽ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ ബോർഡിന്റെ കൈവശമുള്ള 17.89 ഏക്കർ സ്ഥലത്ത് ഒരു ഫൈനാൻസ് സിറ്റി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി BPL/ദുർബല വിഭാഗം/താഴ്ന്ന വരുമാനക്കാർക്കായി ഗൃഹശ്രീ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly